## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2635

06.02.2018-ൽ മറുപടിയ്ക്ക്

### ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കൃഷ്ണൻകുട്ടി | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണത്തിനായി നാളിതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ; ഇതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കാമോ; | (എ) ചിറ്റൂർ ചിത്രാഞ്ജലി തീയേറ്റർ നവീകരണത്തിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 4 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആദ്യ ഗഡുവായി 80 ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ചിറ്റൂർ ചിത്രാഞ്ജലി തീയേറ്ററിന്റെ നവീകരണ പ്രവർത്തനങ്ങൾ 2017 ഡിസംബർ ആദ്യവാരം ആരംഭിച്ചു. സിവിൽ, ഇലക്ട്രിക്കൽ, അക്കൗസ്റ്റിക്, എ.സി, ഫയർ ജോലികൾക്കായി ടെണ്ടറിലൂടെ കോൺട്രാക്ടർമാരെ തിരഞ്ഞെടുത്തു. ഓഡിറ്റോറിയം ചെയർ സപ്ളൈ ചെയ്യുന്ന ഏജൻസിയെ തിരഞ്ഞെടുക്കാൻ ടെണ്ടർ വിളിച്ചിട്ടുണ്ട്. നവീകരണ പ്രവർത്തനങ്ങൾ വളരെ വേഗം പുരോഗമിക്കുകയാണ്. 2018 ഏപ്രിൽ-മെയ് മാസത്തിനുള്ളിൽ രണ്ട് തിയേറ്ററുകൾ പ്രവർത്തന സജ്ജമാക്കാനാണ് ഉദ്ദേശിക്കുന്നത്. രേഖകൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | നിലവിലുള്ള തീയേറ്ററിൽ എന്തൊക്കെ മാറ്റം വരുത്താനാണ് ഉദ്ദേശിക്കുന്നത്; ഇതിന്റെ നിർമ്മാണ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ? | (ബി) | നിലവിലുള്ള തീയേറ്ററിന്റെ ബാൽക്കണി മറ്റൊരു ചെറിയ തിയേറ്ററായി മാറ്റും. നിലവിലെ ടോയ്‌ലെറ്റുകൾ ആധുനികവൽക്കരിക്കും. രണ്ട് തിയേറ്ററിലും പുതിയ എ.സി.സംവിധാനം സ്ഥാപിക്കും. ചെയറുകൾ മാറ്റി പുതിയ പുഷ്ബാക്ക് ചെയറുകൾ ഘടിപ്പിക്കും. 7.1 ശബ്ദസംവിധാനവും 2 കെ ഡിജിറ്റൽ പ്രൊജക്ഷൻ സൗകര്യങ്ങളും ഉണ്ടാവും. തിയേറ്ററിന്റെ അക്കൗസ്റ്റിക് സംവിധാനം അപ്പാടെ പരിഷ്കരിക്കും. പുതിയ ജനറേറ്റർ, ട്രാൻസ്ഫോർമർ എന്നിവ ഘടിപ്പിക്കും. പുതിയ ഇലക്ട്രിക് പാനലുകൾ, സി.സി.ടി.വി, എൽ.ഇ.ഡി.ലൈറ്റുകൾ, സ്ട്രീറ്റ് ലൈറ്റുകൾ, സ്റ്റെപ്പ് ലൈറ്റുകൾ എന്നിവ സ്ഥാപിക്കും. നവീകരണ പ്രവർത്തനങ്ങൾ 2018 ഏപ്രിൽ - മേയ് മാസത്തിൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ

അനുബന്ധം I

(1)

# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ-2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം ചെലവഴിക്കുന്നതിനുള്ള പ്രൊപ്പോസലിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ)നം.380/2017/സി.എൽ.എ.ഡി തിരുവനന്തപുരം, തീയതി, 08/06/2017.

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 18.05.2017 ലെ 4394/എ 1/2016 കെ എസ് എഫ് ഡി സി/1046 നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 4202-04-190-99 (P) ശീർഷകത്തിൽ 4,00,00,000/- (നാലുകോടി രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ചിറ്റൂർ കൈരളി/ശ്രീ തീയേറ്റർ കോംപ്ലക്സ് നവീകരിക്കുന്നതിനായി 4,09,34,503/-രൂപ (നാല് കോടി ഒൻപത് ലക്ഷത്തി മുപ്പത്തിനാലായിരത്തി അഞ്ഞൂറ്റി മൂന്ന് രൂപ) യുടെ പ്രൊപ്പോസലിന് ഭരണാനുമതി, പരാമർശ കത്ത് പ്രകാരം കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

പ്രസ്തുത പ്രൊപ്പോസൽ 30.05.2017-ന് സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ കൂടിയ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പ് കമ്മിറ്റി പരിശോധിച്ചു. 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതമായ 4,00,00,000/-(നാലു കോടി രൂപ മാത്രം) രൂപയ്ക്കുള്ളിൽ ചെലവ് ക്രമീകരിക്കണം എന്ന **നിബന്ധനയിൽ ചിറ്റൂർ കൈരളി/ശ്രീ തീയേറ്റർ കോംപ്ലക്സ്** നവീകരണവുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന **ചലച്ചിത്ര വികസന കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസലിന് ഭരണാനുമതി** നൽകി **ഉത്തരവ്** പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സജിനി.എസ്
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ , കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
പ്ലാനിംഗ് ബോർഡ് ചീഫ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സാംസ്കാരിക (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു.സാംസ്കാരിക വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
സാംസ്കാരിക കാര്യ വകുപ്പ് സെക്രട്ടറിയുടെ പി എയ്ക്ക്

(2)

# കേരള സർക്കാർ

## സംഗ്രഹം

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ - 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി വിഹിതം - ഒന്നാം ഗഡു - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(സാധാ)നം.452/2017/സാം.കാ.വ തിരുവനന്തപുരം, തീയതി, 13/07/2017.**

പരാമർശം:- 1. സ.ഉ.(സാധാ)നം.380/2017/സി.എൽ.എ.ഡി, തീയതി, 08.06.2017

2. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 12.06.2017 ലെ 3636/എ 3/2012/കെ എസ് എഫ് ഡി സി നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന് 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 4202-04-190-99(P) ശീർഷകത്തിൽ 4,00,00,000/- (നാലുകോടി രൂപ മാത്രം) അനുവദിച്ചിട്ടുണ്ട്. ഈ തുക ചിറ്റൂർ ചിത്രാഞ്ജലി തീയേറ്റർ നവീകരിക്കുന്നതിന് ഉപയോഗിക്കുന്നതിനായി കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ സമർപ്പിച്ച പ്രൊപ്പോസലിന് പരാമർശ സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2. ചിറ്റൂർ ചിത്രാഞ്ജലി തീയേറ്റർ നവീകരണം, വിഭജിക്കൽ എന്നീ പ്രവർത്തനങ്ങൾ ആരംഭിച്ച കഴിഞ്ഞുവെന്നും ആയതിനാൽ പ്ലാൻ വിഹിതമായ 4 കോടി രൂപ അനുവദിച്ച നൽകണമെന്നും പരാമർശ കത്ത് പ്രകാരം മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്.

3. സർക്കാർ പ്രസ്തുത വിഷയം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്, ചിറ്റൂർ ചിത്രാഞ്ജലി തീയേറ്റർ നവീകരണം, വിഭജിക്കൽ എന്നീ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷത്തിലെ 4202-04-190-99(പ്ലാൻ)എന്ന ശീർഷകത്തിൽ നിന്നും 80 ലക്ഷം രൂപ (എൺപതു ലക്ഷം രൂപ മാത്രം) ആദ്യ ഗഡുവായി താഴെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രസ്തുത തുക ട്രഷറിയിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കുവാൻ പാടില്ല.

2. 29/08/2009 ലെ സർക്കുലർ നം.75/09/ധനയും 09/12/2008 ലെ സർക്കുലർ നം.84/08/ധന ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും കെ.എഫ്.സി. നം.44 പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടയ് ക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ഗീത കെ.
അഡീഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ , കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ,
തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ആഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
ധനകാര്യവകുപ്പ് (07.07.2017 ലെ പി യു സി 2/162/2017/ധന) പ്രകാരം
സാംസ്കാരിക (ബി) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ